**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3806** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപ്പാടം സ്വദേശിനി പാണ്ട്യാർപ്പിള്ളിൽ വീട്ടിൽ ആമിന അബ്ദുൾഖാദറിന്റെ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ; | (എ) | ആമിന അബ്ദുൾ ഖാദറിന്റെ മരണവുമായി ബന്ധപ്പെട്ട കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 434/2021 U/s 174 Cr.pc പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നതും തുടർന്ന് അന്വേഷണത്തിൽ മരണപ്പെട്ട ആമിന ധരിച്ചിരുന്ന ഒൻപതേകാൽ പവൻ വരുന്ന സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടതായും ആഭരണങ്ങൾ അപഹരിക്കുന്നതിനായി ആരെങ്കിലും കൊല ചെയ്തിരിക്കാം എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കേസിലെ വകുപ്പുകൾ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302, 397 പ്രകാരം മാറ്റി അന്വേഷണം നടത്തി വരവെ ഈ കേസിന്റെ തുടരന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ക്രൈം നമ്പർ 257/CB/EKM/R/2021 U/s 174 Cr.PC. ആയി റീ-നമ്പർ ചെയ്ത് കേസിന്റെ തുടരന്വേഷണം ക്രൈംബ്രാഞ്ച് എറണാകുളം യൂണിറ്റിലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് 22.09.2021 തീയതി മുതൽ ഏറ്റെടുത്ത് നടത്തി വരുന്നു. |
| (ബി) | കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 434/2021, u/s 174 Crpc പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് 257/CB/EKM/R/2021 റീ നമ്പർ ചെയ്ത് ക്രൈംബ്രാഞ്ചിന് കൈമാറിയതിന് ശേഷം ഉണ്ടായിട്ടുള്ള അന്വേഷണ പുരോഗതി വിശദമാക്കാമോ; | (ബി) | ഈ കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തതിന് ശേഷം കൃത്യ സ്ഥലം സന്ദർശിക്കുകയും മുൻപുണ്ടായിരുന്ന അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ഈ കേസ്സിലേക്ക് 22.09.2021 തീയതി എറണാകുളം റീജിയണൽ കെമികൽ എക്സാമിനേഷൻ സയൻസ് ലാബിൽ നിന്നും ലഭിച്ചിട്ടുള്ള പരിശോധന റിപ്പോർട്ട് പരിശോധിച്ച് കൂടുതൽ പരിശോധനക്കായി Forensic Science Lab ലേക്ക് അയച്ചും, സംശയിക്കുന്നവരുടെ CDR ശേഖരിച്ചും കൂടുതൽ അന്വേഷണം നടത്തി വരികയാണ്. ഈ കേസ്സിലേക്ക് കുറ്റകൃത്യത്തിൽ പങ്കുണ്ടായേക്കാമെന്ന് ശക്തമായി സംശയിച്ചിരുന്ന ഒരാളെ ചോദ്യം ചെയ്ത് ആയാളുടെ രക്ത സാമ്പിൾ |

| | | | |
|---|---|---|---|
| | | | ശേഖരിച്ച് ഫോറൻസിക് പരിശോധനയ്ക്ക് അയക്കുകയും എന്നാൽ സാമ്പിൾ എടുത്ത് രണ്ട് ദിവസം കഴിഞ്ഞ് ടിയാൻ സെറിബ്രൽ ഹെമറേജ് സംഭവിച്ച് മരണപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് കുറ്റത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ആൾക്കാരെ കേന്ദ്രീകരിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണ്. |
| (സി) | 22.09.2021 മുതൽ ക്രൈംബ്രാഞ്ച് അന്വേഷണം ഏറ്റെടുത്ത് നടത്തുന്ന പ്രസ്തുത കേസിൽ കുറ്റവാളികളെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) | (ബി) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | പട്ടാപ്പകൽ ഒരു നാടിനെ നടുക്കിയ കൊലപാതകവുമായി ബന്ധപ്പെട്ട കേസന്വേഷണം കൂടുതൽ ഊർജ്ജിതമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ക്രൈം ബ്രാഞ്ച് എറണാകുളം യൂണിറ്റ് പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ടി കേസിന്റെ അന്വേഷണം ഊർജിതമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ